©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ജൂലൈ 7<br>7th July 2020<br>1195 മിഥുനം 23<br>23rd Mithunam 1195<br>1942 ആഷാഢം 16<br>16th Ashadha 1942 | നമ്പർ<br>No. | 27 |

## PART III

# Fisheries Department

### ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തരമേഖല) കോഴിക്കോടിന്റെ നടപടിക്രമം

വിഷയം :—ഫിഷറീസ്—സഹകരണം—കീഴരിയൂർ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ് (കെ.) 752 പ്രവർത്തനം നിർത്തൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :—(1) ഈ ആഫീസിലെ 10-11-2017-ലെ എഫ്/2484/17 നമ്പർ ഉത്തരവ്.

(2) സീനിയർ സഹകരണ സംഘം ഇൻസ്പെക്ടർ കോഴിക്കോടിന്റെ 27-12-2018-ലെ SCI/kkd/08/17 നമ്പർ കത്ത്.

(3) ഈ ആഫീസിലെ 25-2-2019-ാം തീയതിയിലെ ഇതേ നമ്പർ കത്ത്.

(4) എഫ്.ഡി.ഒ. ഗ്രേഡ്-2 കൊയിലാണ്ടിയുടെ 30-8-2019-ലെ എഫ്(കെ) 752/17 നമ്പർ കത്ത്.

(5) ഈ ആഫീസിലെ 2-11-2019-ലെ ഇതേ നമ്പർ ഉത്തരവ്.

(6) എഫ്.ഡി.ഒ. ഗ്രേഡ്-2 കൊയിലാണ്ടിയുടെ 3-2-2020-ലെ എഫ്.ഡി.ഒ./69/19 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ എഫ്/3911/18 തീയതി 10-3-2020**

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ് (കെ.) 752-ൽ നിലനിൽക്കുന്ന ഭരണ സ്തംഭനം ഒഴിവാക്കി 1969 കേരള സഹകരണ സംഘം നിയമം ചട്ടം 35 (എ) പ്രകാരം പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിനായി എസ്.സി.ഐ. കോഴിക്കോടിനെ സൂചന (1) പ്രകാരം സംഘം അഡ്മിനിസ്ട്രേറ്ററായി നിയമിക്കുകയും, ആയതുപ്രകാരം കീഴരിയൂർ എന്ന സ്ഥലത്ത് സംഘത്തെപ്പറ്റി വിശദമായ അന്വേഷണം നടത്തിയതിൽ പ്രദേശവാസികൾക്ക് സംഘത്തെപ്പറ്റി യാതൊന്നും അറിയില്ല എന്നും, സംഘം രേഖകളോ റെക്കാർഡുകളോ ലഭ്യമല്ലാത്തതിനാൽ തെരഞ്ഞെടുപ്പ് നടത്താൻ സാധിച്ചിട്ടില്ല എന്നും അഡ്മിനിസ്ട്രേറ്റർ സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ആയതിൽ സൂചന (3) പ്രകാരം യൂണിറ്റ്

ഇൻസ്പെക്ടറിൽ നിന്നും നിന്ന് റിപ്പോർട്ട് ആവശ്യപ്പെടുകയും 1977-78 കാലയളവുമുതൽ പ്രവർത്തനം ആരംഭിച്ച സംഘം കഴിഞ്ഞ 17 വർഷത്തോളമായി നിർജ്ജീവമാണെന്നും സ്വന്തമായി ഓഫീസ് കെട്ടിടം ഇല്ലാത്തതും അവസാന ഭരണ സമിതി യോഗം 17-12-2002-ന് നടന്നതുമായ സംഘം പ്രവർത്തന ക്ഷമമാക്കുന്നതിന് അംഗങ്ങൾക്ക് താൽപര്യമില്ലെന്നും, സമാപ്തീകരിച്ച് ഉത്തരവാക്കുന്നതിനുമായി യൂണിറ്റ് ഇൻസ്പെക്ടർ സൂചന (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചതു പ്രകാരം സംഘത്തിൽ 1969 കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം പരിശോധന നടത്തുന്നതിന് എഫ്.ഡി.ഒ. ഗ്രേഡ്-2 കൊയിലാണ്ടിയെ നിയോഗിച്ചുകൊണ്ട് സൂചന (5) പ്രകാരം ഉത്തരവാകുകയും വകുപ്പ് 65 പരിശോധന റിപ്പോർട്ട് സൂചന (6) പ്രകാരം എഫ്.ഡി.ഒ. ഗ്രേഡ്-2 കൊയിലാണ്ടി സമർപ്പിച്ചിട്ടുമുണ്ട്.

സംഘത്തിൽ നടത്തിയ വകുപ്പ് 65 പരിശോധന റിപ്പോർട്ട് പ്രകാരം 18 വർഷത്തോളമായി നിർജ്ജീവാവസ്ഥയിലുള്ള സംഘത്തിന്റെ ബൈലോ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, മറ്റുരേഖകൾ എന്നിവയൊന്നുംതന്നെ അന്വേഷണത്തിൽ ലഭ്യമായിട്ടില്ല എന്നും, സംഘം പുനരുജ്ജീവനത്തിന് യാതൊരു സാധ്യതയും ഇല്ലാ എന്നും ഈ സാഹചര്യത്തിൽ സംഘം സമാപ്തീകരിച്ച് ഉത്തരവാക്കാവുന്നതാണെന്ന് പരിശോധന ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സംഘം പുനരുജ്ജീവനത്തിന് യാതൊരു സാധ്യതയുമില്ല എന്ന് എനിക്ക് ബോധ്യമായതിനാൽ 1969 കേരള സഹകരണ സംഘം നിയമം വകുപ്പ് 3 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കീഴരിയൂർ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ് (കെ) 752-ൽ വകുപ്പ് 71 (2) (ബി) പ്രകാരം പ്രവർത്തനം നിർത്തൽ ചെയ്തുകൊണ്ടും, വകുപ്പ് 72 പ്രകാരം ലിക്വിഡേറ്റർ ആയി എസ്.സി.ഐ. വടകരയെ നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ആസ്തികളുടെയും ബാധ്യതകളുടെയും ചുമതല ഏറ്റെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത കാലാവധിയായ രണ്ട് മാസത്തിന് ശേഷം സംഘത്തിന്റെ അവസാന സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാകുന്നു.

ഫിഷറീസ് ജോയിന്റ്
ഡയറക്ടറാഫീസ്,
ഉത്തരമേഖല, (ഒപ്പ്)
കോഴിക്കോട്. രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ.